**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി സംരംഭകരെ സഹായിക്കുന്നതിന് വേണ്ടി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായി തുറമുഖത്തിന്റെ വലിയ സാദ്ധ്യതകൾ മനസ്സിലാക്കുന്നതിന് KSIDCയുടെ നേതൃത്വത്തിൽ ജനുവരി 28, 29 തീയതികളിലായി 'വിഴിഞ്ഞം കോൺക്ലേവ്' സംഘടിപ്പിച്ചിരുന്നു. വിഴിഞ്ഞം തുറമുഖം പൂർണമായും പ്രവർത്തന മാരംഭിക്കുന്ന മുറയ്ക്ക് അതിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.<br><br>കെ.എസ്,ഐ.ഇ വിഴിഞ്ഞം തുറമുഖ പരിസരത്ത് സർക്കാരിന്റെ സഹായത്തോടുകൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വിഴിഞ്ഞം ഇന്റർനാഷണൽ ലോജിസ്ററിക് ഹബ് (വി.ഐ.എൽ.എച്ച്) വിവിധ ഇനം കയറ്റുമതി ഇറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യാനാവശ്യമായ സൗകര്യങ്ങളോടുകൂടിയ ഒരു വലിയ പദ്ധതിയാണ്. ഇത് ദേശീയ അന്തർദേശീയ വ്യാപാരത്തിനുള്ള സമഗ്ര സേവനത്തിനായി രൂപകല്പന ചെയ്തിരിക്കുന്നു.<br><br>അനുബന്ധമായി കെ.എസ്.ഐ,ഇ -ക്ക് ബങ്കറിംഗ് സേവനങ്ങൾ നൽകാനും സാധിക്കും. ഇതിന് ആവശ്യമായിട്ടുള്ള അനുമതികൾ ലഭിച്ചാൽ ഇന്ധന സംഭരണവും വിതരണവും സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാം. കൂടാതെ കപ്പൽ ചാന്ഡ്ലറിംഗ് സേവനങ്ങളും ഹബ് വഴി ലഭ്യമാക്കും. ഇതിൽ രാസവസ്തുക്കൾ, ശുചിത്വ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ലൈഫ് ജാക്കറ്റുകൾ, തീ അണയ്ക്കാനുള്ള ഉപകരണങ്ങൾ, നാവിഗേഷൻ ആശയ വിനിമയ ഉപകരണങ്ങൾ, ഡെക്ക്, എഞ്ചിൻ റൂം സപ്ലൈകൾ, റിപ്പയർ പാർട്സ്, ഇന്ധനം, ലൂബ്രിക്കന്റുകൾ, യാത്രികരുടെ ഗതാഗതം, വിസ, ഇമിഗ്രേഷൻ, കപ്പലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മറ്റ് സാധനങ്ങൾ എന്നിവയുടെ |

വിതരണവും ഉൾപ്പെടും. ഇത് കപ്പൽ ഏജന്റുമാരുമായും ഓപ്പറേറ്റർമാരുമായും സഹകരിച്ചാണ് നടപ്പാക്കുക. ഇതിനു പുറമേ ഒഴിഞ്ഞ കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനുള്ള കണ്ടെയ്നർ യാർഡ്, തടി സൂക്ഷിക്കുന്നതിനുള്ള യാർഡ്, സ്റ്റീൽ സ്ക്രാപ്പ് യാർഡ് എന്നിവയ്ക്കായി പ്രത്യേകം സ്ഥലങ്ങൾ ഉണ്ടായിരിക്കും. കൂടാതെ ട്രക്ക് പാർക്കിംഗ് ഏരിയ, ഡ്രൈവർമാർക്കുള്ള സൗകര്യങ്ങൾ, ട്രക്ക് സർവീസ് സെന്റർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ അന്തർദേശീയ വ്യാപാര ശേഷികൾ ഗണ്യമായി വർദ്ധിക്കാൻ ഉതകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി 15 ഏക്കറിൽ വിഭാവനം ചെയ്തിരിക്കുന്നത്.

തിരുവനന്തപുരത്തെ വരാനിരിക്കുന്ന മെട്രോ റെയിൽ പദ്ധതി നഗരത്തെയും വിഴിഞ്ഞം തുറമുഖത്തെയും ഏകോപിപ്പിക്കുന്നതിന് സഹായിക്കും. ഇത് ചരക്കുകളുടെയും യാത്രക്കാരുടെയും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഗതാഗതത്തെ സുഗമമാക്കും. വിഴിഞ്ഞം മെട്രോ തുറമുഖവുമായി സംയോജിപ്പിക്കുന്നതിലൂടെ റോഡ് തിരക്ക് ലഘൂകരിക്കുന്നതിനും നഗര ചരക്ക് ഗതാഗതത്തെ പിന്തുണയ്ക്കുന്നതിനും ഇന്റർമോഡൽ ഗതാഗതത്തെ സുഗമമാക്കുന്നതിനും സഹായിക്കും. ഈ സഹകരണം വ്യാപാരം വർദ്ധിപ്പിക്കുകയും ഗതാഗതക്കുരുക്ക് കുറയ്ക്കുകയും തുറമുഖത്തിനും നഗരത്തിനും സാമ്പത്തിക വളർച്ച പ്രദാനം ചെയ്യുകയും ചെയ്യും.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് സമീപം ലോകോത്തര വ്യവസായ പാർക്ക് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കാൻ കിൻഫ്ര ശ്രമിക്കുന്നു. തുറമുഖത്തിന്റെ നേട്ടങ്ങൾ, പ്രത്യേകിച്ച് ലോജിസ്റ്റിക്സ്, കണക്റ്റിവിറ്റി, ആഗോള വ്യാപാര അവസരങ്ങൾ എന്നിവയിൽ പൂർണ്ണമായി മുതലെടുക്കാൻ ഇത് ബിസിനസുകളെ അനുവദിക്കും. തുറമുഖത്തിന്റെ സാമീപ്യം ഇറക്കുമതിയെയും കയറ്റുമതിയെയും ആശ്രയിക്കുന്ന വ്യവസായങ്ങൾക്ക് വളരെയധികം ഗുണം ചെയ്യും. ഇത് ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവയുടെ പ്രധാന പദ്ധതിയായതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിൽ വ്യവസായ പാർക്കിന് നിർണ്ണായക പങ്ക് വഹിക്കാനാകും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കിൻഫ്ര വെബ് സൈറ്റിൽ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| | | | ലഭിച്ച അപേക്ഷകൾ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശിക്കുന്നതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. കിൻഫ്രയ്ക്ക് ഇതുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്കിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് 01.02.2025 ലെ സ.ഉ.(സാധാ) നം.101/2025 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിനായി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? | (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ